## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 328 — 13.10. 2011-ൽ മറുപടിക്ക്

**ചോദ്യം**

ശ്രീ.കെ.എം.ഷാജി
ശ്രീ. വി.എം.ഉമ്മർ മാസ്റ്റർ
ശ്രീ.എൻ.എ.നെല്ലിക്കുന്ന്
ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി

**ഉത്തരം**

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവന നിർമ്മാണവും വകുപ്പുമന്ത്രി

## സാമ്പത്തിക രംഗത്ത് പരിഷ്കാരം

| | | |
|---|---|---|
| (എ) | ഈ സർക്കാർ പുറപ്പെടുവിച്ച ധവളപത്രത്തിലെ സ്ഥിതി വിവര കണക്കുകളിൽ പിശകുണ്ടെന്ന മുൻ ധനകാര്യമന്ത്രിയുടെ ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ധവളപത്രത്തിലെ സ്ഥിതി വിവര കണക്കുകൾ അക്കൗണ്ടൻറ് ജനറലിൻെറ ആധികാരിക രേഖകളിൽ നിന്നുമാണ് എടുത്തിട്ടുള്ളത്. അതിൽ പിശകുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ ഇതു സംബന്ധിച്ച നിലപാടെന്താണെന്ന് വിശദമാക്കുമോ; | |
| (സി) | ധവളപത്രത്തിൽ ചൂണ്ടിക്കാണിച്ച മോശം സാമ്പത്തികാവസ്ഥയിൽ നിന്നും സംസ്ഥാനത്തെ രക്ഷിക്കാൻ, എന്തൊക്കെ പരിഷ്ക്കരണങ്ങളാണ് സാമ്പത്തികരംഗത്ത് അനിവാര്യമായിരിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | ധവളപത്രത്തിൽ ചൂണ്ടിക്കാണിച്ച സംസ്ഥാനത്തിൻെറ മോശം സാമ്പത്തികാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ പരിഷ്കരണങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | അനാവശ്യ ഭരണചെലവുകളും അധികചെലവുകളും കണ്ടെത്തി നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | അനാവശ്യ ഭരണചെലവുകളും അധികചെലവുകളും നിയന്ത്രിക്കുന്നതിന് നിലവിൽ പുറപ്പെടുവിച്ചിട്ടുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ(Economy Orders) കൃത്യമായി നടപ്പാക്കുന്നതോടൊപ്പം കർശനമായ സാമ്പത്തിക അച്ചടക്കവും പാലിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | |
|---|---|
| (1) | കൃഷി, വ്യവസായം, ഉത്പാദനം എന്നീ മേഖലകളിലെ പിന്നോക്കാവസ്ഥയ്ക്ക് കാരണമായ ഘടകങ്ങൾ കണ്ടെത്തി അവ അടിയന്തിരമായി പരിഹരിക്കേണ്ടതുണ്ട്. |
| (2) | തൊഴിൽ സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടുകൂടി കേന്ദ്രസർക്കാർ കൊണ്ടുവന്നിട്ടുള്ള പുതിയ ഉത്പാദന നയം ആവശ്യമായ ഭേദഗതികളോടെ കേരളത്തിലും നടപ്പിലാക്കാൻ കഴിയും. വ്യവസായ മേഖലയുടെയും സേവന മേഖലയുടെയും വൈവിദ്ധ്യവൽക്കരണംവഴി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ സാധിക്കും. അതുപോലെ യോഗ്യതയുള്ള ധാരാളം സ്കിൽഡ് തൊഴിലാളികൾക്ക് തൊഴിൽ നൽകാൻ കഴിവുള്ള വ്യവസായ മേഖലയുടെ ഭാഗമായ ചെറുകിട തൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. |
| (3) | വ്യവസായ മേഖലയിൽ പൊതുമേഖലയ്ക്കുപുറമേ സ്വകാര്യ മേഖലയുടെയും പുനരുജ്ജീവനം അത്യന്താപേക്ഷിതമാണ്. സ്വകാര്യ നിക്ഷേപം സുഗമമാക്കുന്നതിനായി തുറമുഖം, വിമാനത്താവളം, റോഡുകൾ, ഗതാഗതം എന്നീ പശ്ചാത്തല മേഖലകളിൽ സർക്കാർ വമ്പിച്ച നിക്ഷേപം നടത്തേണ്ടതുണ്ട്. എന്നാൽ മുൻ സർക്കാരിൽ നിന്നും കൈമാറിക്കിട്ടിയ സാമ്പത്തിക ബാധ്യത കാരണം ഈ മേഖലകളിൽ ആവശ്യമായ നിക്ഷേപം നടത്താൻ സർക്കാരിനു സാധിക്കുന്നില്ല. |
| (4) | സാമൂഹ്യമേഖലയ്ക്കും പൊതുമുതൽക്കൂട്ടിനും ആവശ്യമായ ചെലവുകൾ ചുരുക്കുന്നതിലൂടെ സംസ്ഥാനത്ത് സാമ്പത്തിക ദൃഡീകരണം (Fiscal Consolidation) കൈവരിക്കാൻ സാധിക്കുകയില്ല. ആയതിനാൽ സ്വകാര്യ നിക്ഷേപങ്ങൾ വേഗത്തിൽ കൊണ്ടുവരാൻ കഴിയുന്ന മേഖലകളിലും സർക്കാർ നിക്ഷേപങ്ങൾ പ്രതീക്ഷിക്കുന്ന ഫലമുളവാക്കാത്ത മേഖലകളിലുമായി മാത്രം ചെലവുചുരുക്കൽ പരിമിതപ്പെടുത്തേണ്ടതുണ്ട്. |
| (5) | ബഡ്ജറ്റിന്റെ ആസൂത്രണവും മീഡിയം ടേം ഫിസ്ക്കൽ പോളിസി (MTFP) യുടെ ലക്ഷ്യങ്ങളും തടസ്സപ്പെടാതെ എല്ലാത്തരം കുടിശ്ശികകളും ഘട്ടം ഘട്ടമായി തീർക്കേണ്ടതുണ്ട്. |
| (6) | 13-ാം കേന്ദ്ര ധനകാര്യ കമ്മിഷൻ ശുപാർശ അനുസരിച്ചുള്ള ആനുകൂല്യങ്ങൾ കഴിയുന്നത്ര നേടിയെടുക്കുന്നതിനും സംസ്ഥാനത്തെ ഫിസ്ക്കൽ കൺസോളിഡേഷൻ പ്രാവർത്തികമാക്കുന്നതിനും കേരള ധന ഉത്തരവാദിത്വ ആക്ട് 2003, 13-ാം കേന്ദ്ര ധനകാര്യ കമ്മിഷൻ നിഷ്കർഷിക്കുന്നപ്രകാരം ഭേദഗതി വരുത്തേണ്ടതുണ്ട്. |
| (7) | മെച്ചപ്പെട്ട സാമ്പത്തിക ഇടപെടലിലൂടെ Debt Sustainability കൈവരിക്കേണ്ടതുണ്ട്. |
| (8) | സാമ്പത്തിക അസന്തുലിതാവസ്ഥ കുറയ്ക്കുന്നതിന് സംസ്ഥാന നികുതി വരുമാനത്തിന്റെ സ്ഥായിയായ വളർച്ച അത്യന്താപേക്ഷിതമാണ്. ഇതിനായി നികുതി പിരിവ് ഊർജ്ജിതമാക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ